**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : അനുപമ റ്റി വി IAS)**

വിഷയം : വനിത ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി - DMHP യുമായി ബന്ധപ്പെട്ട് ടെലി കൗൺസിലിംഗ് - സ്കൂൾ കൗൺസിലർമാർക്ക് മൊബൈൽ റീചാർജ്ജിംഗിന് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. വനിത ശിശു വികസന ഡയറക്ടറുടെ 12.02.2021 തീയതിയിലെ ICDS/A6-12975/2020 നമ്പർ കത്ത്
2. സ ഉ (സാധാ) നം.243/2021/സാനീവ തീയതി : 30.03.2021

**ഉത്തരവ് നമ്പർ ICDS/A6-12975/2020. തീയതി: 30.03.2021**

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് 2008-2009 മുതൽ ആവിഷ്കരിച്ച പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി. സംസ്ഥാനത്ത് 1012 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ഉണ്ടെങ്കിലും നിലവിൽ 990 സ്കൂളുകളിൽ ഈ പദ്ധതി വഴി സേവനം നൽകി വരുന്നുണ്ട്.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ DMHP മുഖാന്തിരം കോവിഡ് രോഗികൾക്കും, ക്വാറന്റെയിനിൽ കഴിയുന്നവർക്കും, സ്കൂൾ കുട്ടികൾക്കും മറ്റു കൺസിലിംഗ് ആവശ്യമുള്ള ജനവിഭാഗങ്ങൾക്കും സ്കൂൾ കൗൺസിലർമാർ ടെലി കൗൺസിലിംഗ് നടത്തിവരുന്നുണ്ട്.

ഇത്തരത്തിൽ DMHP യുമായി ബന്ധപ്പെട്ട് ടെലി കൗൺസിലിംഗ് ചെയ്തുവരുന്ന 992 സ്കൂൾ കൗൺസിലർമാർക്ക് മൊബൈൽഫോൺ റീചാർജ്ജ് ചെയ്യുന്നതിനായി പ്രതിമാസം 100/-രൂപ നിരക്കിൽ 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള 12 മാസത്തേയ്ക്ക് 11,90,400/-രൂപ അനുവദിയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് പരാമർശം (2) പ്രകാരം ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് 990 സ്കൂൾ കൗൺസിലർമാരാണ് നിലവിൽ സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം സേവനം അനുഷ്ഠിച്ചുവരുന്നത്. മേൽ സാഹചര്യത്തിൽ സ്കൂൾ കൗൺസിലർമാർക്ക് മൊബൈൽഫോൺ റീചാർജ്ജ് ചെയ്യുന്നതിനായി അനുവദിച്ച 11,90,400/-രൂപയിൽ 11,88,000/-രൂപ (പതിനൊന്ന് ലക്ഷത്തി എൺപത്തെണ്ണായിരം രൂപ മാത്രം) ഓരോ ഐസിഡിഎസ് പ്രോജക്ടിലും 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള 12 മാസങ്ങളിൽ DMHP യുമായി ബന്ധപ്പെട്ട് ടെലി കൗൺസിലിംഗ് നടത്തിയ

സ്കൂൾ കൗൺസിലർമാരുടെ എണ്ണത്തിന് ആനുപാതികമായി നൽകുന്നതിന് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് താഴെ പറയുന്ന തുക അനുവദിച്ച ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | സ്കൂൾ കൗൺസിലർമാരുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 76 | 91,200 |
| 2 | കൊല്ലം | 84 | 1,00,800 |
| 3 | പത്തനംതിട്ട | 47 | 56,400 |
| 4 | ആലപ്പുഴ | 57 | 68,400 |
| 5 | കോട്ടയം | 61 | 73,200 |
| 6 | ഇടുക്കി | 68 | 81,600 |
| 7 | എറണാകുളം | 68 | 81,600 |
| 89 | തൃശ്ശൂർ | 77 | 92,400 |
| 10 | പാലക്കാട് | 79 | 94,800 |
| 11 | മലപ്പുറം | 95 | 11,4000 |
| 12 | കോഴിക്കോട് | 79 | 94,800 |
| 13 | വയനാട് | 49 | 58,800 |
| 14 | കണ്ണൂർ | 92 | 1,10,400 |
| 14 | കാസർഗോഡ് | 58 | 69,600 |
| | **ആകെ** | **990** | **11,88,000** |

ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ടി തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് BIMS വഴി അലോട്ട്മെന്റായി അനുവദിച്ചുനൽകേണ്ടതും

സിഡിപിഒമാർ തുക ചെലവഴിച്ചിട്ട് ആയതിന്റെ യു സി ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-89 (P) (IEC പ്രവർത്തനങ്ങൾ, അഡ്വക്കസി, ബോധവൽക്കരണ പരിപാടികൾ, അവലോകന യോഗങ്ങൾ) എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കാവുന്നതാണ്. അനുവദിച്ച തുകയുടെ സാക്ഷ്യപത്രം ജില്ലാ വനിത ശിശു വികസന ആഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

**പകർപ്പ് :**

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ സെക്ഷൻ
3. കരുതൽ സഞ്ചയം

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്